# 6 പത്തുകളും ഞാനും

99 വരെയുള്ള സംഖ്യകൾ വായിക്കുന്നതും എഴുതുന്നതുമാണ് ഈ യൂണിറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 19 വരെയുള്ള സംഖ്യകൾ വായിക്കുകയും എഴുതുകയും ചെയ്യാൻ കുട്ടികൾക്കറിയാം. 19 വരെയുള്ള സംഖ്യകൾ ഉത്തരമായി വരുന്ന സങ്കലനക്രിയകൾ ചെയ്യാനും ഒരക്കസംഖ്യകൾ കുറയ്ക്കാനും അവർക്കറിയാം. 10 നോട് 10 കൂട്ടുമ്പോൾ 20 കിട്ടുന്നു, 20 നോട് വീണ്ടും 10 കൂട്ടിയാൽ 30 കിട്ടുന്നു. എന്നിങ്ങനെ 10, 20, 30, ..., 90 എന്നീ സംഖ്യകൾ വായിക്കാനും എഴുതാനും ഈ യൂണിറ്റിലൂടെ കടന്നുപോകുമ്പോൾ കുട്ടിക്ക് കഴിയുന്നു. തുടർന്ന് 10 ന്റെ കൂട്ടങ്ങളോട് ഒന്നുകൾ ചേർത്ത് കിട്ടുന്ന സംഖ്യ എഴുതുകയും വായിക്കുകയും ചെയ്യാനുള്ള പ്രവർത്തനങ്ങളും ഉൾപ്പെടുത്തിയിരിക്കുന്നു. വിവിധ പാറ്റേണുകൾ രൂപീകരിക്കാനും അവയുടെ യുക്തി വിശദീകരിക്കാനും ഈ യൂണിറ്റിൽ അവസരമുണ്ട്. സംഖ്യകളെ ക്രമീകരിക്കൽ, താരതമ്യം ചെയ്യൽ, പരസ്പരബന്ധം കണ്ടെത്തൽ, കാര്യകാരണബന്ധം വിശദീകരിക്കൽ എന്നീ പ്രക്രിയാശേഷികൾക്ക് ഈ യൂണിറ്റിൽ ഊന്നൽ നൽകിയിരിക്കുന്നു.

കുട്ടികളിൽ സ്നേഹം, അനുകമ്പ, സഹാനുഭൂതി തുടങ്ങിയവ വളർത്താനും ഈ യൂണിറ്റ് ഉപയോഗപ്പെടുത്തണം. നിത്യജീവിതത്തിൽ 99 വരെയുള്ള വസ്തുക്കൾ എണ്ണിയെടുക്കേണ്ടിവരുന്ന സന്ദർഭങ്ങൾക്കും ഗണിതത്തിന്റെ തുടർപഠനത്തിനും ഈ യൂണിറ്റ് സഹായകമാണ്.



## യൂണിറ്റ് ഫ്രെയിം

| ആശയങ്ങൾ, ധാരണകൾ | പ്രക്രിയ/പ്രവർത്തനങ്ങൾ | പഠനനേട്ടങ്ങൾ |
|---|---|---|
| • രണ്ട് പത്തുകൾ ചേർന്നാൽ 20 ആകുന്നു.<br>• പത്തിന്റെ കൂട്ടങ്ങൾ ചേർത്ത് പുതിയ കൂട്ടങ്ങൾ രൂപപ്പെടുത്താം.<br>• പത്തിന്റെ കൂട്ടങ്ങളോട് 10 ൽ താഴെയുള്ള കൂട്ടങ്ങൾ ചേർത്ത് പുതിയ കൂട്ടങ്ങൾ രൂപീകരിക്കാം.<br>• പത്തുകളോട് ചെറിയ കൂട്ടങ്ങൾ ചേർത്ത് കൂട്ടങ്ങളുടെ പേര് പറയാം.<br>• വരിവരിയായിരിക്കുന്ന വസ്തുക്കളുടെ സ്ഥാനം നിർണയിക്കുന്നതിന് സംഖ്യകൾ ഉപയോഗിക്കാം.<br>• ഒരു കൂട്ടം സംഖ്യകളെ അവയുടെ വലുപ്പം പരിഗണിച്ച് ക്രമീകരിക്കാം. | • കൂട്ടങ്ങളെ നിരീക്ഷിച്ചും കൂട്ടിച്ചേർത്തും നിഗമനങ്ങൾ രൂപീകരിക്കുന്നു.<br>• കഥകളിലൂടെയും കളികളിലൂടെയുമുള്ള പഠനസന്ദർഭങ്ങളിലൂടെ വിവിധ വസ്തുക്കളുടെ കൂട്ടങ്ങളെ തിരിച്ചറിയുന്നു.<br>• പത്തുകളുടെ കൂട്ടത്തോട് 10 ൽ താഴെയുള്ള ചെറുകൂട്ടങ്ങൾ ചേർത്ത് ഏതു രണ്ട് പത്തുകളുടെയും ഇടയിലുള്ള സംഖ്യകൾ കണ്ടെത്തി അവയ്ക്ക് പേരു നൽകുന്നു.<br>• വരി, നിര എന്നിവയിൽനിന്ന് സംഖ്യ ഉപയോഗിച്ച് വസ്തുവിന്റെ സ്ഥാനം നിർണയിക്കുന്നു.<br>• വലുപ്പം അടിസ്ഥാനമാക്കി സംഖ്യകൾ ക്രമീകരിക്കുന്നു. | • ഒരു കൂട്ടത്തിൽനിന്ന് നിശ്ചിത എണ്ണം (99 വരെ) വസ്തുക്കൾ എണ്ണിയെടുക്കുന്നു.<br>• 99 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു.<br>• 20 വരെയുള്ള സംഖ്യകളെ വ്യത്യസ്ത തരത്തിൽ വ്യാഖ്യാനിക്കുന്നു.<br>• ക്രമം സൂചിപ്പിക്കുന്നതിന് സംഖ്യകൾ ഉപയോഗിക്കുന്നു.<br>• സംഖ്യകളെ താരതമ്യം ചെയ്യുകയും വലുപ്പമനുസരിച്ച് (99 വരെ) ക്രമീകരിക്കുകയും ചെയ്യുന്നു. |

## യൂണിറ്റ് വിശകലനം

**സാമഗ്രികൾ : ഈർക്കിൽ, മഞ്ചാടി, തീപ്പെട്ടിക്കമ്പുകൾ, പയർമണി, അരിമണി.**

**സമയം : 20 പിരീഡ്**

### പ്രവർത്തനം - 1

**ഞങ്ങളെത്ര?**

ഈർക്കിൽ, മഞ്ചാടി തുടങ്ങിയ വസ്തുക്കൾ വ്യത്യസ്ത എണ്ണം (100 ൽ താഴെ) ടീച്ചർ ഗ്രൂപ്പിൽ നൽകുന്നു. കുട്ടികൾ അവ പത്തിന്റെ കൂട്ടങ്ങളാക്കി മാറ്റുന്നു (ബാക്കി വരാത്ത രീതിയിൽ കൊടുക്കണം). ഈർക്കിൽ, തീപ്പെട്ടിക്കമ്പ് എന്നിവ കെട്ടാൻ റബർബാന്റും, മഞ്ചാടി, പയർമണി, അരിമണി എന്നിവ ഇടാൻ ചെറിയ കവറുകളും കുട്ടികൾക്ക് നൽകണം.

- ഓരോ ഗ്രൂപ്പിനും കിട്ടിയത് 10 ന്റെ കൂട്ടമാക്കിയാൽ എത്ര കൂട്ടം ഉണ്ടാകും?
- തയാറാക്കിയ കെട്ടുകൾ/പാക്കറ്റുകൾ ഗ്രൂപ്പിൽ പരിശോധിച്ച് എണ്ണം കൃത്യമാണോ എന്നു നോക്കുന്നു.

2 കെട്ടുകൾ കിട്ടിയ ഗ്രൂപ്പ് അവർക്ക് കിട്ടിയ കെട്ടുകളുടെ എണ്ണം എത്രയെന്നും ആകെ എത്രയെന്നും പറയുന്നു.

പത്തും പത്തും ഇരുപത് എന്ന് ടീച്ചർ പറയുന്നു. തുടർന്ന് കുട്ടികൾ 20 എന്നു പറയട്ടെ. ബ്ലാക്ക്ബോർഡിൽ 20 എന്നെഴുതുന്നു.

(പത്തിന്റെ ഒരു കൂട്ടത്തോട് 10 ന്റെ മറ്റൊരു കൂട്ടംകൂടി ചേർന്നാൽ 20 ആകുന്നു എന്ന ധാരണ കുട്ടികളിൽ എത്തണം).

തുടർന്ന് 3 കെട്ട് കിട്ടിയ ഗ്രൂപ്പ് അവർക്കു കിട്ടിയ എണ്ണം പറയുന്നു. ഇപ്പോൾ ആകെ കെട്ടുകൾ 20 ഉം 10 ഉം 30 എന്നു പറയാൻ അവസരം നൽകുക. ബ്ലാക്ക്ബോർഡിൽ എഴുതുക. എല്ലാ ഗ്രൂപ്പുകൾക്കും ഈർക്കിൽ, മഞ്ചാടി തുടങ്ങിയവ ഉപയോഗിച്ച് 20 ഉം 30 ഉം അവതരിപ്പിക്കാൻ അവസരം നൽകണം. 10 ഉം 10 ഉം 20 എന്നും 20 ഉം 10 ഉം 30 എന്നും പറയാൻ അവസരം നൽകണം.

ഈ പ്രവർത്തനം 90 വരെ ആവർത്തിക്കുക. തുടർന്ന് മറ്റ് വസ്തുക്കൾ (തീപ്പെട്ടിക്കമ്പ്, മഞ്ചാടി, അരിമണി, പയർമണി തുടങ്ങിയവ) കൊണ്ട് കുട്ടികൾ പ്രവർത്തനം തുടരട്ടെ. ഒരു ഗ്രൂപ്പ് 2 കെട്ടുകൾ കാണിക്കുമ്പോൾ മറ്റുള്ളവർ 20 എന്ന് പറയട്ടെ. ഒരു കെട്ടുകൂടി ചേരുമ്പോൾ 20 ഉം 10 ഉം 30 എന്നു പറയണം. പ്രവർത്തനത്തിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കണം.

**ടീച്ചർക്ക്...** **10 ഉം 10 ഉം 20, 20 ഉം 10 ഉം 30 എന്നിങ്ങനെയല്ലാതെ 2 പത്ത് ഇരുപത്, 3 പത്ത് 30 എന്നു പറയാതിരിക്കാൻ ശ്രദ്ധിക്കുമല്ലോ.**

## പ്രവർത്തനം - 2

**കഥ കേൾക്കാം**

പാഠപുസ്തകത്തിലെ 'കഥ കേൾക്കാം' (പേജ് 78, 79) എന്ന ഭാഗം ടീച്ചർ അവതരിപ്പിക്കുന്നു. പുസ്തകത്തിലെ ചോദ്യങ്ങൾക്കു പുറമെ എന്തൊക്കെ ചോദിക്കാം?

- ഒരു വരിയിൽ വാഴകളെത്ര? കുട്ടികൾ വാഴകൾ എണ്ണിനോക്കി എഴുതട്ടെ.
- രണ്ടു വരിയിൽ എത്ര വാഴകൾ?
- 10 ഉം 10 ഉം 20 വാഴകൾ എന്നു പറഞ്ഞതിനുശേഷം എഴുതിയത് വായിപ്പിക്കുക.

> **വിലയിരുത്തൽ**
>
> പത്തിന്റെ കൂട്ടങ്ങൾ ചേർത്ത് പുതിയ കൂട്ടങ്ങൾ (10, 20, 30, ... 90) രൂപപ്പെടുത്തുന്നതിനുള്ള കുട്ടിയുടെ ധാരണയും, വ്യാഖ്യാനിക്കൽ, ബന്ധം കണ്ടെത്തൽ എന്നീ പ്രക്രിയാശേഷികളും വിലയിരുത്തണം.

10, 20, 30, 40, 50 എന്ന പാറ്റേൺ കഥ വികസിക്കുന്നതിനനുസരിച്ച് ടീച്ചർ ബ്ലാക്ക്ബോർഡിൽ എഴുതണം.

മഞ്ചാടിക്കെട്ടുകളും സമാനമായ മറ്റ് വസ്തുക്കളും കുട്ടികളുടെ കൈയിലുണ്ടല്ലോ. ഇവയിലെ 10 കളുടെ കൂട്ടം ഉപയോഗിച്ച് തുടർപ്രവർത്തനം നടത്താം.

## പ്രവർത്തനം - 3



**അഭിനയം**

വിശന്നുവലഞ്ഞ്, എണീറ്റു നിൽക്കാൻ പോലുമാവാതെ കുഴങ്ങിയ കുഞ്ഞനാനയെ മറ്റു മൃഗങ്ങൾ പഴങ്ങൾ ശേഖരിച്ചുനൽകി സഹായിക്കുന്ന ഭാഗം സഹാനുഭൂതി, സഹജീവിസ്നേഹം, ദീനാനുകമ്പ എന്നിവ വളർത്തുന്ന രീതിയിലാണ് ടീച്ചർ അവതരിപ്പിക്കേണ്ടത്. കുഞ്ഞനാനയായും മറ്റു മൃഗങ്ങളായും കുട്ടികൾ അഭിനയിക്കണം. പഴത്തിനുപകരം പഴം പൊതിഞ്ഞുവച്ചിട്ടുള്ളത് കാണിക്കുന്ന കവറുകൾ മതിയാകും. ഓരോ കവറിലും 10 വീതം പഴങ്ങൾ എന്ന രീതിയിൽ അവതരിപ്പിക്കാം. ആവശ്യത്തിനുള്ള കവറുകൾ മുൻകൂട്ടി തയാറാക്കണം. എല്ലാ പ്രവർത്തനത്തിലും 50, 60, 70, 80, 90 എന്നിങ്ങനെ എണ്ണത്തിന് ഊന്നൽ നൽകണം.

നേരത്തേ പാക്കറ്റാക്കിയ മഞ്ചാടി/പയർ/കടല, .... എന്നിവയുടെ 50 ന്റെ കൂട്ടത്തിലേക്ക് വീണ്ടും പത്തു വീതം വച്ച് 60, 70 എന്നിങ്ങനെ 90 വരെയാക്കുന്ന പ്രവർത്തനം ഓരോരുത്തരും ചെയ്യുന്നതോടൊപ്പം 60, 70, 80, 90 എന്നിങ്ങനെ ഓരോ ഘട്ടത്തിലും എഴുതുകയും വേണം.

പാഠപുസ്തകത്തിലെ എണ്ണം കണ്ടെത്തി എഴുതൂ, പട്ടം ആരുടെ, വിട്ടുപോയവ പൂരിപ്പിക്കുക (പേജ് 84, 85, 86) എന്നീ പ്രവർത്തനങ്ങൾ കുട്ടികൾ സ്വയം ചെയ്ത് മറ്റുള്ളവരുടേതുമായി ഒത്തുനോക്കി വിലയിരുത്തട്ടെ.

> **വിലയിരുത്തൽ**
>
> ഓരോ കൂട്ടത്തിലെയും എണ്ണം പറയാനും എഴുതാനുമുള്ള കഴിവ്, പരസ്പരബന്ധം കാണാനുള്ള കഴിവ്, 10, 20, 30,... പാറ്റേണുകൾ രൂപീകരിക്കാനുള്ള കഴിവ് എന്നിവ വിലയിരുത്തണം.

## പ്രവർത്തനം - 4

**ഇപ്പോഴെത്ര?**

- കുട്ടികളെ ഗ്രൂപ്പുകളാക്കുന്നു.
- ഓരോ ഗ്രൂപ്പിനും 2 മഞ്ചാടി വീതം നൽകുന്നു.
- തുടർന്ന് ഒന്നാമത്തെ ഗ്രൂപ്പിന് പത്തിന്റെ ഒരു പാക്കറ്റ് മഞ്ചാടിയും രണ്ടാമത്തെ ഗ്രൂപ്പിന് 2 പാക്കറ്റും, മൂന്നാമത്തെ ഗ്രൂപ്പിന് മൂന്നും എന്ന ക്രമത്തിൽ നൽകുന്നു.

ഓരോ ഗ്രൂപ്പിനും ആകെ എത്ര മഞ്ചാടി കിട്ടി? കുട്ടികൾ കണ്ടെത്തി പറയട്ടെ.

10 ഉം 2 ഉം 12 എന്ന് കുട്ടികൾക്കറിയാം. അവർ അതു പറയുന്നു.

തുടർന്ന് ഓരോ ഗ്രൂപ്പും അവതരിപ്പിക്കുന്നു.

ടീച്ചർ ചാർട്ടിൽ/ബി.ബിയിൽ എഴുതുന്നു.

പാറ്റേൺ കുട്ടികൾ കണ്ടെത്തുന്നു.

> അടുത്തടുത്ത രണ്ടു ഗ്രൂപ്പുകളിലെ സംഖ്യകൾ തമ്മിലുള്ള വ്യത്യാസം പത്താകും എന്നു തിരിച്ചറിഞ്ഞ് പാറ്റേണിന്റെ യുക്തി കുട്ടി മനസ്സിലാക്കട്ടെ.

20 ഉം 2 ഉം 22 എന്നു പറയുക. ബ്ലാക്ക്ബോർഡിൽ എഴുതുക. കുട്ടികൾ ഏറ്റുപറയട്ടെ. തുടർന്ന് ഇതുപോലെ പത്തിന്റെ കൂട്ടത്തോട് ഒന്നുകൾ (1, 2, 3, 4, ...., 9) ചേർത്ത് സംഖ്യകൾ രൂപീകരിക്കുന്നു, വായിക്കുന്നു, എഴുതുന്നു.



## പ്രവർത്തനം - 5

**കൂട്ടുകാരെ കണ്ടെത്താം**

10, 20, 30, 40, ..., 90 എന്നിങ്ങനെ എഴുതിയ കാർഡുകൾ ഒരു പെട്ടിയിലും 1, 2, 3, 4, ..., 9 എന്നിങ്ങനെയെഴുതിയ കാർഡുകൾ മറ്റൊരു പെട്ടിയിലും 14, 23, 35, 47, 56, 68, 72, 89, 91 എന്നിങ്ങനെയെഴുതിയ കാർഡുകൾ മൂന്നാമതൊരു പെട്ടിയിലുമായി മേശപ്പുറത്തുവയ്ക്കുക. കുട്ടികൾ ഓരോരുത്തരായി വന്ന് ഓരോ കാർഡ് വീതം എടുക്കട്ടെ. ഇഷ്ടമുള്ള പെട്ടിയിൽനിന്നും എടുക്കാം. കൂട്ടുകാരെ കണ്ടെത്തി ടീച്ചറുടെ അടുത്തെത്താൻ നിർദേശിക്കാം. (10 കിട്ടിയ കുട്ടിയും 4 കിട്ടിയ കുട്ടിയും 14 കിട്ടിയ കുട്ടിയും കൂട്ടുകാർ - എന്നിങ്ങനെ).

## പ്രവർത്തനം - 6

**കണ്ടെത്താം**

പാഠപുസ്തകത്തിലെ (പേജ് 87, 88) പ്രവർത്തനങ്ങൾ വിശദീകരിക്കുക. 10 ഉം 2 ഉം 12 എന്ന് കുട്ടികൾക്കറിയാം. അതുപോലെ 20 ഉം 2 ഉം 22 കുട്ടികൾ വായിച്ച് ഉറച്ചതിനുശേഷം മാത്രം എഴുതിക്കുക. അധ്യാപിക സംഖ്യകൾ ബ്ലാക്ക്ബോർഡിൽ എഴുതണം. മുൻപ്രവർത്തനത്തിന്റെ തുടർച്ചയായി പുസ്തകത്തിലെ ചിത്രത്തിൽ 10 കൾ എത്ര? മറ്റുള്ളവ എത്ര എന്നു പരിശോധിച്ച് സംഖ്യ പറയാനും എഴുതാനുമുള്ള ശേഷിയാണ് ഉണ്ടാ

കേണ്ടത്. വ്യക്തിഗതമായി കണ്ടെത്തൽ, രണ്ടു പേർ ഗ്രൂപ്പിൽ വിലയിരുത്തൽ, ഗ്രൂപ്പുകളുടെ അവതരണം, ക്ലാസ് ചർച്ച, ടീച്ചറുടെ ക്രോഡീകരണം എന്നീ പ്രക്രിയകളിലൂടെ പ്രവർത്തനം നടത്തണം.

**വിലയിരുത്തൽ**

സംഖ്യകളെ സംബന്ധിച്ച ആശയധാരണ, പരസ്പര ബന്ധം കണ്ടെത്തൽ, പൊരുത്തപ്പെടുത്തൽ എന്നിവ വിലയിരുത്തണം.




## പ്രവർത്തനം - 7

### സംഖ്യാക്രമീകരണം

ക്ലാസിലെ കുട്ടികളെ ഏഴു ഗ്രൂപ്പുകളാക്കുക. ഒരു ഗ്രൂപ്പ് 21 - 30 സംഖ്യകൾ വസ്തുക്കൾ ഉപയോഗിച്ച് പ്രദർശിപ്പിക്കണം. സംഖ്യ എഴുതണം. ഈ രീതിയിൽ മറ്റ് ഗ്രൂപ്പുകളും വസ്തുക്കൾ ഉപയോഗിച്ച് കാണിക്കുകയും സംഖ്യകൾ എഴുതുകയും ചെയ്യട്ടെ. മറ്റു ഗ്രൂപ്പുകൾ പരിശോധിക്കുന്നു.

## പ്രവർത്തനം - 8

### വിട്ട സംഖ്യകൾ പൂർത്തിയാക്കുക



ചാർട്ടിൽ തയാറാക്കിയ പട്ടിക പ്രദർശിപ്പിക്കുക.

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 21 | 22 | ___ | 24 | ___ | ___ | 27 | ___ | 29 | 30 |
| 31 | ___ | 33 | ___ | 35 | ___ | 37 | ___ | 39 | 40 |
| 41 | ___ | ___ | 44 | ___ | 46 | ___ | ___ | ___ | 50 |
| 51 | ___ | ___ | ___ | 55 | ___ | 57 | ___ | ___ | 60 |
| 61 | ___ | 63 | ___ | ___ | ___ | ___ | 68 | ___ | 70 |
| 71 | ___ | ___ | 74 | ___ | ___ | 77 | ___ | ___ | 80 |
| ___ | 82 | ___ | ___ | ___ | 86 | ___ | ___ | 89 | ___ |

21 മുതൽ 90 വരെയുള്ള സംഖ്യകൾ ക്രമമായി എഴുതാനും വായിക്കാനും അവ തമ്മിലുള്ള ബന്ധം കണ്ടെത്താനുമുള്ള പ്രവർത്തനവും പാറ്റേൺ രൂപീകരണവുമാകാം.

- കുട്ടികൾ വ്യക്തിഗതമായി നോട്ട്പുസ്തകത്തിൽ സംഖ്യകൾ എഴുതുന്നു.
- ഗ്രൂപ്പിൽ അവതരിപ്പിക്കുന്നു.
- പരസ്പരം വിലയിരുത്തുന്നു.

**ടീച്ചർക്ക്...** ഗ്രിഡ് പേപ്പർ നൽകി അതിൽ സംഖ്യകൾ എഴുതാം.

- പൊതു അവതരണം
- ക്ലാസ് ചർച്ചയ്ക്കുശേഷം മെച്ചപ്പെടുത്തി എഴുതുന്നു.

- പത്തുകളുടെ കൂട്ടങ്ങളോട് ചെറിയകൂട്ടങ്ങൾ ചേർത്ത് ആ കൂട്ടങ്ങളുടെ പേര് പറയാനും എഴുതാനുമുള്ള കുട്ടിയുടെ ധാരണ, 1 മുതൽ 99 വരെയുള്ള സംഖ്യകൾ എണ്ണാനും എഴുതാനും കുട്ടിക്കുള്ള കഴിവ്, ബന്ധം കണ്ടെത്തൽ, പൊരുത്തപ്പെടുത്തൽ എന്നിവ വിലയിരുത്തണം.




**പട്ടികയിൽനിന്ന് എന്തെല്ലാം കണ്ടെത്താം?**

1. ഓരോ വരിയിലും എത്ര സംഖ്യകൾ ഉണ്ട്?
2. ഓരോ വരിയിലെയും അടുത്തടുത്ത സംഖ്യകളുടെ പ്രത്യേകത എന്ത്?
3. ഓരോ നിരയിലെയും അടുത്തടുത്ത സംഖ്യകളുടെ പ്രത്യേകത എന്ത്?
4. ഒരു വരിയിലെ സംഖ്യകളുടെ പ്രത്യേകത എന്ത്?
5. ഒരു നിരയിലെയോ?

കുട്ടികൾ സ്വയം കണ്ടെത്തി ക്ലാസിൽ അവതരിപ്പിക്കട്ടെ.

## പ്രവർത്തനം - 9

**വരിയായി നിൽക്കാം**

സ്ഥാനത്തെ/ക്രമത്തെ സൂചിപ്പിക്കാൻ സംഖ്യ ഉപയോഗിക്കാനുള്ള പ്രവർത്തനമാണിത്. പുസ്തകത്തിലെ (പേജ് 89) ചോദ്യങ്ങൾക്ക് പുറമെ കൂടുതൽ ചോദ്യങ്ങൾ നൽകാം. തുടർന്ന് ചിത്രവായന നടത്തണം. ചിത്രത്തിൽ ആരൊക്കെ? കുട്ടികൾ പറയട്ടെ.

- മുന്നിൽനിന്ന് പത്താമത് നിൽക്കുന്നത് റഹീമാണ്. റഹീമിനെ കാണിക്കൂ.
- പിറകിൽനിന്ന് എട്ടാമത് സുമയാണ്. കണ്ടെത്തി ചിത്രത്തിനുനേരെ പേരെഴുതൂ.

## പ്രവർത്തനം - 10

**എണ്ണം എത്ര?**

മഞ്ചാടികളുടെ എണ്ണം (പാഠപുസ്തകം പേജ് 90) കുട്ടികൾ വ്യക്തിഗതമായി കണ്ടെത്തുന്നു. ഗ്രൂപ്പിൽ അവതരിപ്പിച്ച് വിലയിരുത്തുന്നു. കുട്ടികൾ നോട്ട്പുസ്തകത്തിൽ എഴുതട്ടെ. 4 സംഖ്യകൾ ക്രമീകരിക്കാൻ കഴിയാത്തവർക്ക് 2 സംഖ്യകൾ/3 സംഖ്യകൾ നൽകി വലുതിൽ നിന്നു ചെറുതിലേക്കു ക്രമീകരിക്കാൻ ആവശ്യപ്പെടാം.

- 36 നെക്കാൾ ചെറിയ സംഖ്യക്ക് വട്ടമിടുക.




- സ്ഥാനത്തെ/ക്രമത്തെ സംഖ്യ ഉപയോഗിച്ച് കണ്ടെത്താനുള്ള കഴിവ്, സംഖ്യകളുടെ ക്രമത്തെക്കുറിച്ചുള്ള ധാരണ, ബന്ധം കണ്ടെത്തൽ എന്നിവ വിലയിരുത്തണം.

**സൂചകങ്ങൾ ഇവയാകാം.**

1. ഓരോരുത്തർക്കും കിട്ടിയ മഞ്ചാടികളുടെ എണ്ണം കണ്ടെത്താൻ കഴിഞ്ഞു.
2. ഏറ്റവും കൂടുതൽ മഞ്ചാടി കിട്ടിയ ആളെ കണ്ടെത്തി.
3. വലുതിൽനിന്ന് ചെറുതിലേക്ക് ക്രമമായി എഴുതാൻ കഴിഞ്ഞു.

16, 37, 85, 42, 52

- 62 നും 64 നും ഇടയിലുള്ള സംഖ്യക്ക് വട്ടമിടുക.

46, 85, 67, 63, 72

വലുതിൽനിന്ന് ചെറുതിലേക്കെഴുതാനും, വട്ടം വരയ്ക്കാനുമുള്ള കൂടുതൽ പ്രവർത്തനങ്ങൾ നൽകണം.

## പ്രവർത്തനം - 11

**മഞ്ചാടി പെറുക്കാം**

കുട്ടികളെ 5 പേർ വീതമുള്ള ഗ്രൂപ്പുകളാക്കുക. ക്ലാസിൽ ഒരു വലിയ വട്ടം വരയ്ക്കുക. വട്ടത്തിനകത്ത് മഞ്ചാടി വിതറിയിടുക. ഒരു ഗ്രൂപ്പിനെ വട്ടത്തിനടുത്ത് നിർത്തുക. വിസിൽ അടിക്കുമ്പോൾ ഗ്രൂപ്പിലെ ഓരോരുത്തരും മഞ്ചാടി എണ്ണിയെടുക്കട്ടെ (വാരിയെടുക്കരുത്). അടുത്ത വിസിലടിക്കുമ്പോൾ നിർത്തണം. എണ്ണിയെടുക്കുന്ന മഞ്ചാടി ശേഖരിക്കാൻ ഓരോ കുട്ടിക്കും ചെറിയ കവറോ പെട്ടികളോ നൽകാം. ഓരോ കുട്ടിയും അവർക്ക് എത്ര മഞ്ചാടി കിട്ടിയെന്ന് എണ്ണിനോക്കട്ടെ. ബ്ലാക്ക്ബോർഡിൽ എഴുതുക. കൂടുതൽ കിട്ടിയയാൾ വിജയി. തുടർന്ന് ഓരോ ഗ്രൂപ്പും കളി തുടർന്ന് വിജയികളെ കണ്ടെത്തട്ടെ. പല ഗ്രൂപ്പുകൾക്ക് പല വട്ടം വരച്ച് ഒരേ സമയം പ്രവർത്തനത്തിന് അവസരം നൽകാം.



## പ്രവർത്തനം - 12

ഇത് കുട്ടികൾ വ്യക്തിഗതമായി ചെയ്ത് പരസ്പരം വിലയിരുത്തട്ടെ.

## പ്രവർത്തനം - 13

**പാമ്പും കോണിയും**

വശങ്ങളിൽ 1 മുതൽ 6 വരെ കുത്തുകളിട്ട ഡൈസ് ഉപയോഗിച്ചാണ് പാമ്പും കോണിയും കളിക്കുന്നത്. ഒരു പാത്രത്തിലിട്ട് കിലുക്കിക്കുത്തുന്ന ഡൈസിന്റെ മുകൾവശത്തു കാണുന്ന കുത്തുകളുടെ എണ്ണത്തിനനുസരിച്ച് കരു നീക്കുന്നു. ആദ്യം 40 എന്ന കളത്തിലെത്തുന്ന ആൾ ഒന്നാമനാകും. 4, 10, 14, 18 എന്നീ സംഖ്യകൾ രേഖപ്പെടുത്തിയ കളങ്ങളിൽ കോണിയുള്ളതിനാൽ ഈ കളങ്ങളിൽ എത്തുന്നവർക്ക് കോണികയറി ഉയർന്ന സ്ഥാനം നേടാം. അതുപോലെ 11, 25, 33, 37 എന്നീ കളങ്ങളിലുള്ള പാമ്പുകളുടെ പിടിയിൽപ്പെട്ടാൽ അവയുടെ വാലറ്റത്തേക്ക് സ്ഥാനം മാറുകയും അവിടെനിന്ന് വീണ്ടും കളിച്ച് മുമ്പോട്ടുപോകേണ്ടിയും വരും. കിട്ടുന്ന സംഖ്യയും എത്തിനിൽക്കുന്ന കളത്തിലെ സംഖ്യയും ഉറക്കെപ്പറയാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കണം.

ഒരു തുടക്കം എന്ന നിലയിലാണ് 1 മുതൽ 40 വരെ സംഖ്യകളിൽ കളി പരിമിതപ്പെടുത്തിയിരിക്കുന്നത്. ടീച്ചർക്ക് പ്രാദേശികമായ മറ്റു നിയമങ്ങൾ ഉൾപ്പെടുത്തിയും കളിപ്പിക്കാം. തുടർന്ന് 99 വരെ രേഖപ്പെടുത്തിയ ബോർഡും ഉപയോഗിക്കാം. അതുപോലെ രണ്ട് ഡൈകൾ ഉപയോഗിച്ചും ഒരു ഗ്രൂപ്പിനെ ഒന്നിച്ചുകളിപ്പിച്ചും കളി തുടരാം.

## യൂണിറ്റ് വിലയിരുത്തൽ

1. ചെറുതിൽനിന്ന് വലുതിലേക്ക് ക്രമത്തിലെഴുതുക.

30, 20, 40, 10, 50

| | | | | |
|---|---|---|---|---|
| | | | | |

2. വിട്ടുപോയ സംഖ്യ കണ്ടെത്തൂ.

60, 70, ........, 90.

3. 45, 54 എന്നിവയിൽ വലിയ സംഖ്യ ഏത്?

4. 20 ഉം 9 ഉം 29

.... ഉം 9 ഉം 59

5. ക്രമീകരിക്കൂ.

52, 34, 16, 25, 43, 61

16, ...., ...., ...., ...., ....

6. വലുതിൽ നിന്നും ചെറുതിലേക്ക് ക്രമീകരിക്കുക.

89, 98, 68, 87, 88

98, ...., ...., ...., ....

7. കളം പൂർത്തിയാക്കൂ.

| + | 50 | 60 |
|---|---|---|
| 5 | | |
| 6 | | 66 |

8. ഏറ്റവും വലിയ സംഖ്യ എഴുതുക.

56, 47, 39, 93, 88

9. ഏറ്റവും ചെറിയ സംഖ്യ എഴുതുക.

90, 11, 91, 19, 9

10. പൂരിപ്പിക്കുക.

65, ........, 63

## അധികപ്രവർത്തനം

***മെച്ചപ്പെടുത്താം, വിജയിക്കാം***

തെർമോക്കോൾ കഷണങ്ങളിൽ തുടർച്ചയായ 10 സംഖ്യകൾ എഴുതിയത് രണ്ട് സെറ്റ് തയാറാക്കുക. കുട്ടികളുടെ ഉയരം കണക്കാക്കി ചുമരിൽ രണ്ടു ഭാഗങ്ങളിലായി ഫ്ളാനൽ തുണി ഉറപ്പിക്കുക. ഫ്ളാനൽ തുണിക്കടുത്തായി ഓരോ ഭാഗത്തും സംഖ്യകൾ എഴുതിയ തെർമോക്കോൾ കഷണങ്ങൾ സംഖ്യകൾ ക്രമമല്ലാതെ വരുന്ന രീതിയിൽ അട്ടിയായി വയ്ക്കുക.

കുട്ടികളെ 10 പേർ വീതമുള്ള രണ്ടു ഗ്രൂപ്പാക്കുന്നു. ഗ്രൂപ്പുകൾ ഓരോ ഭാഗത്തും ഉറപ്പിച്ചിരിക്കുന്ന ഫ്ളാനൽതുണിക്ക് അഭിമുഖമായി നിശ്ചിതദൂരത്തിൽ വരിയായി നിൽക്കുന്നു. വിസിലടിക്കുമ്പോൾ വരിയിലെ മുൻപിലുള്ള കുട്ടി അട്ടിയായി വച്ച തെർമോക്കോൾ എടുത്ത് തെർമോക്കോളിലെ സംഖ്യ വരണ്ടേ ക്രമം അനുസരിച്ച് ഫ്ളാനൽ തുണിയിൽ ഉറപ്പിക്കുന്നു. തുടർന്ന് അടുത്ത കുട്ടി പ്രവർത്തനം നടത്തുന്നു. 10 സംഖ്യകളും ക്രമത്തിൽ വച്ച ഗ്രൂപ്പ് വിജയിക്കുന്നു.

ഗ്രൂപ്പുകൾ മാറ്റിയും സംഖ്യകൾ മാറ്റിയും കളി തുടരാം.

## വർക്ക്ഷീറ്റ്

1. ഈ കളങ്ങളിൽ പാമ്പും കോണിയും കളിക്കാൻ ഉപയോഗിക്കാവുന്ന രീതിയിൽ സംഖ്യകൾ എഴുതുകയും പാമ്പും കോണിയും വരയ്ക്കുകയും ചെയ്യുക.



2. റഹീമിന്റെയും ഫാത്തിമയുടെയും സുമയുടെയും വീട്ടിൽ മഞ്ചാടിമരമുണ്ട്. ടീച്ചർക്ക് കൊടുക്കാനായി അവർ ഓരോ ദിവസവും മഞ്ചാടി ശേഖരിച്ചു വച്ചു. അവർക്ക് കിട്ടിയ മഞ്ചാടികളുടെ എണ്ണം നോക്കൂ.

| | ഒന്നാം ദിവസം | രണ്ടാം ദിവസം | മൂന്നാം ദിവസം | നാലാം ദിവസം | അഞ്ചാം ദിവസം |
|---|---|---|---|---|---|
| റഹീം | 36 | 41 | 22 | 56 | 62 |
| ഫാത്തിമ | 72 | 26 | 40 | 37 | 53 |
| സുമ | 16 | 26 | 48 | 69 | 86 |

ഓരോരുത്തർക്കും കിട്ടിയ മഞ്ചാടിയുടെ എണ്ണം ചെറുതിൽ നിന്നും വലുതിലേക്ക് ക്രമത്തിലെഴുതുക.

| | | | | | |
|---|---|---|---|---|---|
| റഹീം | | | | | |
| ഫാത്തിമ | | | | | |
| സുമ | | | | | |